# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2819      10.03.2017 -ലെ മറുപടിയ്ക്ക്

## സ്വാശ്രയമേഖലയെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അനഭിലഷണീയ പ്രവണതകൾ നടമാടുന്നതായി ആക്ഷേപമുള്ള സ്വാശ്രയ വിദ്യാഭ്യാസ മേഖലകളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും വേണ്ടി ഉന്നതതല സമിതിയെയും ഓംബുഡ്സ്മാനെയും ചുമതലപ്പെടുത്തുവാനുള്ള സർക്കാർ തീരുമാനത്തിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | (എ) (ബി) & (സി) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ, യു. ജി. സി., എ ഐ സി റ്റി ഇ, കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ ജി. ഒ. (എം. എസ്) നം. 37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 03.02.2017 ലെ ജി. ഒ. (സാധാ) നം. 179./2017/ഉവിവ ഉത്തരവ് പ്രകാരം എം. ജി. സർവകലാശാല വൈസ് ചാൻസലർ കൺവീനറും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവകലാശാല, കാലിക്കറ്റ് സർവകലാശാല വൈസ്ചാൻസലർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ~~ഉത്തരവായിട്ടുണ്ട്. ഈ മേഖലയിലെ~~ |
| (ബി) | കച്ചവടത്വരയുള്ളതായി ആക്ഷേപമുള്ള പ്രസ്തുത മേഖലയിലെ ദുഷ് പ്രവണതകൾ എന്തെല്ലാം എന്നു സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഒരു വിദഗ്ധസമിതിയെക്കൊണ്ട് പരിശോധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | സംസ്ഥാന സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ അനഭിലഷണീയ | | |

| | | | |
|---|---|---|---|
| | പ്രവർത്തനം തടയുവാനും മേഖല സംശുദ്ധമാക്കാനുമായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | | പ്രശ്നങ്ങൾ പഠിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റീസ് കെ. കെ. ദിനേശൻ കമ്മീഷന്റെയും വൈസ് ചാൻസലർമാരുടെ കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>എ. പി. ജെ അബ്ദുൾകാലാം സാങ്കേതിക സർവ്വകലാശാലയിൽ എ. ഐ. സി. റ്റി. ഇ. മാനദണ്ഡപ്രകാരം ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**